13707
2/6/17

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2017 മേയ് 30<br>30th May 2017<br>1192 ഇടവം 16<br>16th Idavam 1192<br>1939 ജ്യേഷ്ഠം 9<br>9th Jyaishta 1939 | നമ്പർ<br>No. | 1117 |


## കേരള സർക്കാർ

### റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 34/2017/റവന്യൂ. തിരുവനന്തപുരം, *2017 മേയ് 30*, *1192 ഇടവം 16*, *1939 ജ്യേഷ്ഠം 9.*

**എസ്.ആർ.ഒ. നമ്പർ 301/2017.**—2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2008 ഡിസംബർ 24-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 443/2008/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1255/2008 ആയി പ്രസിദ്ധപ്പെടുത്തിയതുമായ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.

33/1893/2017/S-21.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടി, കേരള സർക്കാർ, ഇതിനാൽ താഴെ പറയുംപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ, 4-ാം ചട്ടം (4)-ാം ഉപചട്ടത്തിനുശേഷം താഴെ പറയുന്ന ഉപചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) നിലവിൽ നെൽവയൽ/തണ്ണീർത്തടമായി നിലനിൽക്കുന്ന സ്ഥലങ്ങൾ (4)-ാം ഉപചട്ടപ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രാദേശിക നിരീക്ഷണ സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(6) 4-ാം ചട്ടം (4)-ാം ഉപചട്ടപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കാരണം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ നിലവിൽവരുന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ ഒരു പുനഃപരിശോധനാ അപേക്ഷ ഫയൽ ചെയ്യാവുന്നതാണ്.

(7) ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിരിക്കുന്നതും പുനഃപരിശോധനാ അപേക്ഷയ്ക്ക് ആധാരമായതുമായ ഭൂമിയുടെ വിവരങ്ങളും അതിൻമേൽ എന്ത് പരിഹാരമാർഗ്ഗമാണ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രസ്തുത അപേക്ഷ 100 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സമർപ്പിക്കാവുന്നതാണ്. അപ്രകാരം സമർപ്പിക്കുന്ന പുനഃപരിശോധനാ അപേക്ഷകൾ പ്രാദേശികതല നിരീക്ഷണ സമിതി സ്വീകരിക്കേണ്ടതും അതു സംബന്ധിച്ച് കൈപ്പറ്റു രസീത് നൽകേണ്ടതുമാണ്. മതിയായ കാരണങ്ങളിൻമേൽ പ്രസ്തുത അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി, പ്രസ്തുത അപേക്ഷകൾ സ്വീകരിക്കുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(8) അപ്രകാരമുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ പ്രാദേശികതല നിരീക്ഷണ സമിതി പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആക്റ്റ് പ്രാബല്യത്തിൽവന്ന 2008 ആഗസ്റ്റ് 12-ാം തീയതിക്കു മുൻപും അതിനുശേഷവുമുള്ള ഉപഗ്രഹ ചിത്രങ്ങൾ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്ഥലപരിശോധന റിപ്പോർട്ടിന്റെയും ഉപഗ്രഹ ചിത്രത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് തീരുമാനം എടുത്ത് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഡാറ്റാബാങ്കിലെ ഭൂമിയുടെ സ്വഭാവത്തിൽ വ്യത്യാസം ഉണ്ടായിരിക്കുന്നിടത്ത്, അതനുസരിച്ച് ഡാറ്റാബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പരിഷ്ക്കരിച്ച് വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(9) അപ്രകാരം പുതുക്കിയ ഡാറ്റാബാങ്ക് പ്രസിദ്ധപ്പെടുത്തുന്നതിന് (2)-ാം ഉപചട്ടത്തിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(10) ഭൂമിയുടെ സ്വഭാവത്തിൽ വ്യത്യാസം വരുന്നില്ലായെങ്കിൽ പ്രസ്തുത വിവരവും ഡാറ്റാബാങ്ക് പരിഷ്ക്കരിക്കുന്ന സംഗതിയിൽ പ്രസ്തുത വിവരവും അപേക്ഷകനെ അറിയിക്കേണ്ടതാണ്.".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. എച്ച്. കുര്യൻ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരം പ്രാദേശികതല നിരീക്ഷണ സമിതി അംഗീകരിച്ച ഡാറ്റാബാങ്ക് സമിതി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും സെക്രട്ടറി അത് ഒരു വിജ്ഞാപനമായി കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും കൂടാതെ, ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസിലും വില്ലേജ് ഓഫീസിലും/ഓഫീസുകളിലും പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം ഗസറ്റിൽ

പ്രസിദ്ധപ്പെടുത്തിയ ഡാറ്റാബാങ്കിലെ വിവരങ്ങളെ സംബന്ധിച്ച് ആക്ഷേപം സമർപ്പിക്കുന്നതിന് നിലവിൽ ചട്ടങ്ങളിൽ വ്യവസ്ഥകളില്ല. ആയത് പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് അപ്പീൽ നമ്പർ 571/2017-ൽ 2017 ഏപ്രിൽ 4-ാം തീയതിയിൽ ഉത്തരവായിട്ടുള്ളതാണ്. ആയതിനാൽ അപ്രകാരമുള്ള ആവശ്യത്തിനായി പ്രസ്തുത ചട്ടങ്ങൾ ഡാറ്റാബാങ്കിലെ തെറ്റായ വിവരങ്ങൾ പ്രകാരം സങ്കടമനുഭവിക്കുന്ന ആളിന് പുനഃപരിശോധനാ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും ഡാറ്റാബാങ്ക് പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---